ലയിൽ പ്രവർത്തിക്കുന്ന കൈത്തൊഴിൽകാർക്കും, മറ്റു വിദഗ്ദ്ധ തൊഴിലാളികൾക്കുമായി കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധിയും തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഈ ക്ഷേമനിധികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളുടെ വിവരം അനുബന്ധം - 1 ആയി ചേർത്തിട്ടുണ്ട്.†

(സി) വിവരം അനുബന്ധം -II ൽ കൊടുത്തിട്ടുണ്ട്.†

(ഡി) കൈത്തറി നിർമ്മാണം, കശുവണ്ടി, അബ്കാരി, കള്ളു വ്യവസായം, കൃഷി, ചുമട്ടുതൊഴിലാളി എന്നീ മേഖലകളിൽ തൊഴിൽ വകുപ്പ് പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇവയനുസരിച്ച് ഓരോ വിഭാഗം തൊഴിലാളികൾക്കും നൽകിവരുന്ന പ്രതിമാസ പെൻഷൻ താഴെ ചേർക്കുന്നു.

1.	കൈത്തറി	-	100/
2.	നിർമ്മാണം	-	150/
3.	കശുവണ്ടിത്തൊഴിലാളി	-	125/-
	സ്റ്റാഫ് അംഗങ്ങൾ	-	200/-
4.	അബ്കാരി	-	200/-
5.	കള്ളുവ്യവസായം	-	100/-
6.	കൃഷി	-	100/
7.	ചുമട്ടുതൊഴിലാളി	-	200/-

മിനിമം പെൻഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

29 (*119) തൊഴിലുറപ്പ് പദ്ധതി

ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്തെ അവികസിതമേഖലയ്ക്ക് പ്രാമുഖ്യംനൽകി വിപുലീകരിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് മഴവെള്ളം സംഭരിക്കാനും ഉപയുക്തമാക്കാനുമുള്ള പദ്ധതി തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

---

† അനുബന്ധം II

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) തൊഴിലുറപ്പ് പദ്ധതിയുടെ വിലയിരുത്തൽ നടത്തുന്നതിന് സംസ്ഥാന ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. വിലയിരുത്തൽ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) തൊഴിലുറപ്പ്പദ്ധതി കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായാണ് നടപ്പിലാക്കുന്നത്. ഇതുപ്രകാരം മണ്ണ്-ജല സംരക്ഷണപ്രവൃത്തികൾ, വനവൽക്കരണം, ചെറുകിട ജലസേചനം, ഗ്രാമീണ ലിങ്ക് റോഡുകൾ സമൂഹത്തിന് മൊത്തത്തിൽ പ്രയോജനപ്പെടുന്ന കെട്ടിടങ്ങൾ എന്നീ മേഖലകളിലാണ് തുക വിനിയോഗിക്കപ്പെടുന്നത്. ഇതിനുപരിയായി ഏതെങ്കിലും മേഖലകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതും തീരുമാനം കൈക്കൊള്ളേണ്ടതും കേന്ദ്രസർക്കാരാണ്.

(സി) ഇപ്പോൾ സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും നടപ്പിലാക്കിവരുന്ന ഈ പദ്ധതിയിൽ സ്ഥായിയായ വികസനത്തിനും തൊഴിലവസര സൃഷ്ടിക്കും പ്രയോജനപ്പെടുന്ന സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങളുടെയും സാമൂഹിക ആസ്തികളുടെയും സൃഷ്ടിക്കായുള്ള പ്രവൃത്തികൾ ബ്ലോക്ക് പ്രദേശത്തെ അവികസിതമേഖലയ്ക്ക് പ്രാമുഖ്യം നൽകി നിലവിലുള്ള വ്യവസ്ഥകൾപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്കുതന്നെ ഏറ്റെടുക്കാവുന്നതാണ്.

(ഡി) മഴവെള്ളം സംഭരിക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരംതന്നെ ഏറ്റെടുക്കാവുന്നതാണ്.

30 (*120) ജലപാതകളുടെ പുനരുദ്ധാരണം

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജലപാതകളുടെ പുനഃരുദ്ധാരണത്തിനായി എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ദേശീയജലപാതയുടെ ഭാഗമായി സംസ്ഥാനത്ത് ജലപാത നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ)&(ബി) ഉണ്ട്, ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടില്ലാത്ത മറ്റു ജലപാതകളുടെ നിർമ്മാണപ്രവർത്തനങ്ങൾ സംസ്ഥാന ബഡ്ജറ്റ് വിഹിതം മാത്രം വിനിയോഗിച്ച് നടത്തുവാൻ കഴിയുകയില്ല, എന്നതിനാൽ ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly